സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് ധനസഹായം നൽകുന്ന ഏജൻസികൾ

95 (1405) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ സ്കൂൾ വിദ്യാഭ്യാസ പദ്ധതിയായ സർവ്വശിക്ഷാ അഭിയാൻ പദ്ധതി ഈ വർഷം മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന് വേണ്ടുന്ന പരിശീലനവും, സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്ക് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2001-02 വർഷം മുതൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

(ബി) അദ്ധ്യാപക പരിശീലനത്തിന് വേണ്ടി ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ എന്നിവ നിർമ്മിച്ചു വരികയാണ്. ഓരോ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിലും പത്ത് വീതം ട്രെയിനർമാരുടെ നിയമനം പൂർത്തിയാക്കി കൊണ്ടിരിക്കുകയാണ്.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളാണ് ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത്.

എൽ.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സർവ്വശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം നീക്കിവച്ച തുക

96 (1406) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ഡോ. തോമസ് ഐസക് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൽ. പി. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഈ വർഷം എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിൽ എന്ത് തുക ഇതിനായി നീക്കിവെയ്ക്കാൻ ഉദ്ദേശിക്കുന്നു ;

(സി) സൗജന്യ പാഠപുസ്തക വിതരണത്തിനായി സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ നിന്ന് ഈ വർഷം എന്ത് തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ക്ലാസ്സ് മുറികളുടെ നിർമ്മാണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ക്ലാസ്സ് ഇടഭിത്തി നിർമ്മാണം, കുടിവെള്ള സൗകര്യമൊരുക്കൽ, സ്കൂൾ വൈദ്യുതീകരണം, ചുറ്റുമതിൽ നിർമ്മാണം, ടോയ്ലറ്റ് നിർമ്മാണം എന്നിവ ഇതിൽ ഉൾപ്പെടും.

(ബി) 2003-2004 വർഷത്തേയ്ക്ക് ഈ പദ്ധതിക്കായി 116.29 കോടി രൂപയുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. അതിന്റെ 75 ശതമാനം കേന്ദ്ര വിഹിതമായിരിക്കും. ആകെ തുകയുടെ 22.87 ശതമാനം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടിയാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

(സി) സൗജന്യ പാഠപുസ്തക വിതണരത്തിനായി ഈ വർഷം 16.32 കോടി രൂപ ചെലവഴിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ഐ.റ്റി.അറ്റ്. സ്കൂൾ പദ്ധതി

97 (1407) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ. റ്റി. അറ്റ് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ പുരോഗതി ഗവൺമെന്റ് വിലയിരുത്തിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള അദ്ധ്യയനം നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) ഇതിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly